**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 347** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരക്കാലയളവ് നീട്ടണമെന്ന ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചരക്ക് സേവന നികുതി നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനായി നഷ്ടപരിഹാര കാലയളവ് നീട്ടുന്നതിന് ജി.എസ്.ടി. കൗൺസിലിൽ ഏതൊക്കെ സംസ്ഥാനങ്ങൾ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കേന്ദ്ര സർക്കാരിന്റെ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് പ്രതിസന്ധി മിക്കവാറും എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2017 സെപ്റ്റംബർ 17-ന് നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം, പഞ്ചാബ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഗോവ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്നും കോമ്പൻസേഷൻ തുടരണമെന്നും ആവശ്യപ്പെട്ടു. 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം, പഞ്ചാബ്, കർണാടക, ആന്ധ്രപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ഒഡിഷ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന, ഛത്തീസ്ഘട്ട് തുടങ്ങിയ സംസ്ഥാനങ്ങളും ഡൽഹി, പുതുച്ചേരി എന്നിവയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. AG സാക്ഷ്യപ്പെടുത്തുന്ന ആഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാന ത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും ലഭിക്കും. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന് സംസ്ഥാനത്തിന് ആക്ഷേപം ഉള്ളതായി സംസ്ഥാനത്ത് നിന്നുള്ള അംഗം പാർലമെന്റിൽ | (ബി) | സംസ്ഥാനങ്ങൾക്ക് കോമ്പൻസേഷൻ അനുവദിക്കുന്ന GST Compensation to States Act നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG |

| | | | |
|---|---|---|---|
| | ഉന്നയിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര ധനകാര്യ മന്ത്രി നൽകിയിട്ടുള്ള മറുപടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ പ്രൊവിഷണൽ ആയി അനുവദിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ